കാസർഗോഡ് ജില്ലയിൽ പുതിയ ബസ് സർവ്വീസ്

59 [546] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ എത്ര പുതിയ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെ റൂട്ടുകളിലാണെന്നും വ്യക്തമാക്കുമോ;

(ബി) പുതുതായി ഏതെല്ലാം റൂട്ടുകളിൽ ബസ് സർവ്വീസ് ആരംഭിക്കാൻ കെ.എസ്.ആർ.ടി.സി. ആലോചിക്കുന്നുവെന്ന് വ്യക്തമാക്കുമോ; ഇവ എന്നേയ്ക്ക് ആരംഭിക്കുമെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ആറ് സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്.

1. അടുക്കം–ചാമുണ്ഡിക്കുന്ന്
2. മഠൂർ–കളങ്കര
3. വാണിനഗർ–കജാബാലി
4. ചടഞ്ചോർ–കൊമ്പൻനടുക്കം
5. തളങ്കര–പടിഞ്ഞാറ് കടപ്പുറം
6. കാസർഗോഡ്–മുള്ളിഗദ്ദെ

(ബി) പൊതുജന ആവശ്യം പരിശോധിച്ചു ഇക്കാര്യം തീരുമാനിക്കുന്നതാണ്.

കോഴിക്കോട് സ്റ്റാന്റിൽനിന്നുള്ള രാത്രി സർവ്വീസുകൾ

60 [547] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിൽനിന്ന്, കോഴിക്കോട് അത്തോളി, പേരാമ്പ്ര വഴി എത്ര ബസ്സുകൾ തൊട്ടിൽപാലത്തേയ്ക്ക് സർവ്വീസ് നടത്തുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവ ഒരു ദിവസം എത്ര സർവ്വീസുകൾ നടത്തുണ്ട്;

(സി) പേരാമ്പ്ര, കുറ്റ്യാടി, തൊട്ടിൽപാലം, തുടങ്ങിയ സ്ഥലങ്ങളിൽനിന്നും കോട്ടയം, തൊടുപുഴ, പാല പ്രദേശങ്ങളിലേയ്ക്ക് രാത്രികാല സർവ്വീസുകൾ നടത്തുന്നതിന് കെ.എസ്.ആർ.ടി.സി. നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 23 ബസ്സുകൾ.

(ബി) 39 ട്രിപ്പുകൾ സർവ്വീസ് നടത്തുന്നുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly